(ഡി) 17-12-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം റിട്ടയർ ചെയ്തശേഷം ജോലിയെടുക്കുന്നവരും കരാർ അടിസ്ഥാനത്തിലുള്ളവരും ദിവസവേതന അടിസ്ഥാനത്തിലുള്ള ജീവനക്കാരും ഒഴികെയുള്ളവരുടെ സേവന-വേതന വ്യവസ്ഥയും മറ്റും പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി, സഹകരണ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.

(ഇ) 17-12-2013 മുതൽ നാളിതുവരെയായി എറണാകുളം സർക്കാർ മെഡിക്കൽ കോളേജിലെ ശമ്പളത്തിനും മറ്റ് ദൈനംദിന ചെലവുകൾക്കുമായി മൊത്തം 13,18,45,161 രൂപ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ഒഴിവുകൾ

108 (453) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ അധീനതയിലുള്ള ശാഖകളിൽ ബ്രാഞ്ച് മാനേജർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ; ഒഴിവുകളുടെ എണ്ണം ബ്രാഞ്ച് തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ എന്നുമുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയതായി അനുവദിച്ച ശാഖകളിലെ നിലവിലുള്ള ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ, ബ്രാഞ്ച് മാനേജർ തസ്തികയിൽ 8 ഒഴിവുകൾ നിലവിലുണ്ട്. ശാഖാ മാനേജർ തസ്തികകൾ ബാങ്ക് ആസ്ഥാനത്തും ശാഖകളിലുമാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നതിനാൽ ശാഖ തിരിച്ച് ഒഴിവുകൾ പരാമർശിക്കാൻ കഴിയില്ല.

(ബി) പ്രസ്തുത ഒഴിവുകൾ സഹകരണ സംഘം രജിസ്ട്രാറുടെ 11-6-2014-ലെ സി.ബി (3) 43833/2013 നമ്പർ ഉത്തരവ് അനുസരിച്ചാണ് നിലവിൽ വന്നത്. ടി. ഉത്തരവിന് 9-9-2013 തീയതി മുതൽ പ്രാബല്യമുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതിയതായി അനുവദിച്ച ശാഖകളിൽ തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാൽ ടി ശാഖകളിൽ നിലവിലുള്ള ഒഴിവുകളും റിട്ടയർമെന്റ് ഒഴിവുകളും ഇല്ല.

ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ

109 (454) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾക്ക് എത്ര തുക ഗ്രാന്റായി നൽകി ; ഏതെല്ലാം സംഘങ്ങൾക്ക് എത്ര തുക വീതം ; വ്യക്തമാക്കുമോ ;

(ബി) ജില്ലയിലെ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി നിലവിലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയിലെ 47 സഹകരണ സ്ഥാപനങ്ങൾക്ക് 85,27,500 രൂപ ഗ്രാന്റായി നൽകി. സംഘങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ജില്ലാ അടിസ്ഥാനത്തിലല്ല ധനസഹായത്തിന് സംഘങ്ങളെ തെരഞ്ഞെടുക്കുന്നത് എന്നതിനാൽ ആലപ്പുഴ ജില്ലയിലെ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനായി നിലവിലെ ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിട്ടില്ല.

നാട്ടിക മണ്ഡലത്തിലെ ത്രിവേണി/നന്മ/നീതി സ്റ്റോറുകൾ

110 (455) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന ത്രിവേണി /നീതി/ നന്മ സ്റ്റോറുകൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഈ സ്റ്റോറുകളിൽ വേണ്ടത്ര ഉല്പന്നങ്ങൾ വില്പനക്കില്ലാത്തതുകൊണ്ട് നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ ഒരു ത്രിവേണി സ്റ്റോറും 8 നീതി സ്റ്റോറുകളും 4 നന്മസ്റ്റോറുകളും പ്രവർത്തിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly